**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.**

വിഷയം: - ആ.വ.ഡ – ജീവനക്കാര്യം– ഒ.എ.നം.414/2021, ഡോ.ജിഷ്ണു.എം.എസ്, അസിസ്റ്റന്റ് സർജൻ, അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.നം.414/2021 തീയതി.25.02.2021 ലെ ഉത്തരവ്.

2. ഡോ.ജിഷ്ണു.എം.എസ്, 08.04.2021 തീയതിയിൽ സമർപ്പിച്ച അനുബന്ധ രേഖകൾ.

**ഉത്തരവ് നം.ഇ.എ 2 - 17036/2021/ആ.വ.ഡ, തീയതി.04.05.2021.**

കാസർഗോഡ് ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രം കമ്പടാജേയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമിച്ച് നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രം മുളിയാറിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഡോ.ജിഷ്ണു.എം.എസ് സൂചന പ്രകാരം അനുകമ്പാർഹമായ സ്ഥലം മാറ്റത്തിനായി (തിരുവനന്തപുരം ജില്ലയിലേയ്ക്ക്) സ്ഥലം മാറ്റം ആവശ്യപ്പെട്ട് സൂചന പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ബഹു. ട്രിബ്യൂണൽ സൂചന (1) പ്രകാരം ടിയാന്റെ അനക്സർ.എ 15 അപേക്ഷ Extreme Compassionate ground ആയി പരിഗണിക്കുവാനും രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടറോട് നേരിട്ട് കേട്ട് തീരുമാനമെടുക്കുവാനും നിർദ്ദേശിച്ചിരിക്കുന്നു.

ആയതിൻ പ്രകാരം ഡോ.ജിഷ്ണു.എം.എസ് -നെ 23.03.2021 തീയതിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നേരിട്ട് കേൾക്കുകയുണ്ടായി. പ്രസ്തുത അനക്സർ എ 13 അപേക്ഷയിൽ ടിയാൻ അനുകമ്പാർഹമായ സ്ഥലം മാറ്റം സംബന്ധിച്ച സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള നിശ്ചിത രേഖകൾ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ടിയാനോട് സർക്കാർ അനുശാസിക്കുന്ന പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങളിലെ അനുബന്ധത്തിൽ പ്രത്യേക മുൻഗണന (പ്രഥമ ഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിശദാംശങ്ങൾ) അർഹിക്കുന്നതു പ്രകാരം മാത്രമുള്ള രേഖകൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ആയതിൻ പ്രകാരം ടിയാൻ പരാമർശം (2) പ്രകാരം അനുബന്ധരേഖകൾ സമർപ്പിച്ചുവെങ്കിലും ആയത് അനുകമ്പാർഹമായ സ്ഥലം മാറ്റത്തിലുൾപ്പെടുത്തി പരിഗണിക്കുവാൻ കഴിയുമായിരുന്നില്ല. കൂടാതെ തിരുവനന്തപുരം ജില്ലയിൽ നിലവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒഴിവ് ശേഷിക്കുന്നുമില്ല.

ആയതിനാൽ ഡോ.ജിഷ്ണു.എം.എസ് അസിസ്റ്റന്റ് സർജന്റെ അപേക്ഷ ഇതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.നം. 414/2021-ൻമേലുള്ള 25.02.2021 ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

ഒപ്പ്-
ഡോ. രമേഷ്.ആർ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്-

ഡോ.ജിഷ്ണു.എം.എസ്
അസിസ്റ്റന്റ് സർജൻ
കുടുംബാരോഗ്യകേന്ദ്രം
കുമ്പടാ ജെ,കാസർഗോഡ് .

പകർപ്പ്-

1. പ്രിൻസിപ്പൽ സെക്രട്ടറി, ഗവ.സെക്രട്ടറിയേറ്റ്, പ്രത്യേക ആമുഖ കത്ത് സഹിതം .
2. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
4. ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ്.

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

ടികെ